# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2512 — 01.04.2013 -ൽ മറുപടിക്ക്.

### സ്വകാര്യ മേഖലയിലെ നഴ്സുമാർക്ക് മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ മേഖലയിലെ നഴ്സുമാർക്ക് മിനിമം വേതനം ലഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) സ്വകാര്യ മേഖലയിലെ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ബാങ്ക് മുഖേന ശമ്പളം നൽകുന്നതിനും ആയത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് ഓൺലൈൻ മുഖേന നിരീക്ഷിക്കുന്നതിനുമുള്ള വേതനസുരക്ഷാ പദ്ധതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സ്വകാര്യ മേഖലയിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ മിനിമം വേതനം ഉറപ്പാക്കുവാനും, ആയത് സ്ഥാപനത്തിൽ പോകാതെതന്നെ പരിശോധിക്കുന്നതിനും, വേതനം ലഭ്യമാക്കിയത് കുറവാണെങ്കിൽ ഓൺലൈൻ മുഖേനയുള്ള സ്റ്റേറ്റ്മെന്റ് എടുത്ത് നിയമ നടപടികൾ സ്വീകരിക്കുവാനും ഇതിലൂടെ കഴിയുന്നതാണ്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ ; | (സി) ഏജൻസികളെ തീരുമാനിച്ചിട്ടില്ല. പ്രാരംഭ ജോലികൾ സംസ്ഥാന IT മിഷനുമായി ചേർന്ന് സ്വീകരിച്ചുവരുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പ്രാരംഭമായി താൽപ്പര്യപത്രം ക്ഷണിക്കുകയും അതിന്മേൽ നടത്തിയ ചർച്ചയിൽ തൊഴിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ട് ബൃഹത് പദ്ധതി തയ്യാറാക്കാൻ തീരുമാനിക്കുകയും അതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.